

PHS VANDIPERIYAR
ACADEMIC MASTER PLAN
2024 - 2025
KNOWLEDGE PLANETARIUM

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. സ്കൂൾ മികവിന്റെ കേന്ദ്രം- കാഴ്ചപ്പാടുകൾ
5. സ്കൂൾ വികസനപദ്ധതി രൂപീകരണം
6. അക്കാദമിക പ്രവർത്തനങ്ങൾ

(a)വായന, പരിപോഷണം
(b)സ്കൂൾ പത്രം, മാസിക
(c)പോഷകാഹാരപരിപാടി
(d)പഠനയാത്ര
(e)ഭാഷാശേഷി വികസനം
(f)ഇംഗ്ലീഷ് പഠനപരിപോഷണം
(g)തമിഴ് ഭാഷാശേഷി വികസനം
(h)ലൈബ്രറി ശാക്തീകരണം
(i) സെമിനാറുകൾ, പ്രോജക്ടുകൾ, അനൗൺസ്മെന്റുകൾ
(j) ഭാഷാപഠനം-ഹിന്ദി
(k) ദിനാചരണം
(l) ഐ.ടി.പരിശീലനം
(m) പച്ചക്കറിത്തോട്ടം
(n) പ്രവർത്തിപരിചയപഠന
(o) കായികവിദ്യാഭ്യാസം
(p) മെഡിക്കൽക്യാമ്പ്
(q) കൗൺസിലിംഗ്
(r) ലഹരിവിരുദ്ധപ്രവർത്തനങ്ങൾ
(s) ജെ.ആർ.സി
(t) ക്ലാസ്സ് പി.റ്റി.എ
(u) നിരന്തര മൂല്ല്യനിർണ്ണയം/ ടേം മൂല്യനിർണ്ണയം
(v) ലാബോട്ടറി
(w) ജൈവവൈവിധ്യപാർക്ക്
(x)ശാസ്താഭിരുചിവളർത്തൽ
(y) ശ്രദ്ധ
(z) ഗണിത പഠനം വികസനം, വികസനം

8 സ്കൂൾ ഇന്ന്
അക്കാദമികം
8. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
9. ഉപസംഹാരം

## ആമുഖം

പീരുമേട് താലൂക്കിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ഒരു ശ്രേഷ്ഠ വിദ്യാലയമാണ് പഞ്ചായത്ത് ഹൈസ്കൂൾ വണ്ടിപ്പെരിയാർ. 1064 1964 -ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന് ഈ പ്രദേശത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ ഇടയായിട്ടുണ്ട്. ഈ പൊതു വിദ്യാലയത്തെ സംരക്ഷിക്കാനും ഉന്നതിയിലേക്ക് നയിക്കാനും പഞ്ചായത്തിന്റെയും നാട്ടുകാരുടെയും രക്ഷകർത്താക്കളുടെയും ഇടപെടലുകളും പോരാട്ടങ്ങളും പ്രത്യേകം സ്മരിക്കേണ്ടതാണ്. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുത്തൊഴുക്കിൽപ്പെട്ട് തിരിച്ചടികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നു തിരിച്ചുവരവിന്റെയും വീണ്ടെടുക്കലിന്റെയും പാതയിലാണ് ഈ വിദ്യാലയം.

**ലക്ഷ്യങ്ങൾ**

പൊതുവിദ്യാലയങ്ങളിലെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തണമെന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് നമ്മുടെ സ്കൂളിനെയും തെരഞ്ഞെടുക്കപ്പെട്ട പട്ടികയിൽ ചേർക്കാത്തതിനാൽ നമുക്കും അഭിമാനിക്കാം. അതേ വികസനകാഴ്ചപ്പാടും പരിഷ്കാരങ്ങളും നമ്മുടെ സ്കൂളിനെ ഉന്നതയിലേക്ക് നയിക്കുമെന്ന് അഭിമാനിച്ചുകൊണ്ട് വലിയ സാമ്പത്തിക ബാധ്യത വരാത്തതായ ഒട്ടേറെ കാര്യങ്ങൾ ഞങ്ങൾ ലക്ഷ്യം വച്ചിട്ടുണ്ട്.

* പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന, കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും ഓരോ ക്ലാസിലേയും കുട്ടികൾ നേടിഎന്നുറപ്പാക്കുക.

* വിഷയാടിസ്ഥാനത്തിലുള്ള പഠനത്തിനപ്പുറം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച് കുട്ടിയുടെ സമഗ്രവികസനം ഉറപ്പാക്കുക.

* പഠനം അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനുതകുന്ന തരത്തിൽ ആവശ്യമായ പഠനോപകരണങ്ങളും സൗകര്യങ്ങളും വിദ്യാലയത്തിൽ എത്തിക്കുക.

* ഐ.ടി. അധിഷ്ടിത വിദ്യാഭ്യാസം ഉറപ്പാക്കുക

* ജൈവകൃഷി പോഷണത്തിലൂടെ കാർഷിക സംസ്കാരം കുട്ടികളിൽ

വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക.

* പ്ലാസ്റ്റിക് രഹിത കീടനാശിനി മുക്ത-ലഹരിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

* മാതൃകാ ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിച്ചെടുക്കുക. സ്ത്രീപരുഷ സമത്വം, മതേതരത്വം, മാനവികത, എന്നിവ വളർത്താനുള്ള പരിശീലന കളരിയായി വിദ്യാലയത്തെ മാറ്റിയെടുക്കുക.

* ക്ലാസ്സ്മുറികൾ ഹൈടെക് ആക്കുകയും അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ഉറപ്പാക്കുകയും ചെയ്യും.

* ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും പഠനം പിന്നോക്കം നിൽക്കുന്നവർക്കും പ്രത്യേക പരിഗണന നൽകി കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിക്കും.

* സ്കൂൾലാബ്, ലൈബ്രറികൾ ആധുനികവൽക്കരിക്കുന്നതിലൂടെ കുട്ടി സ്വയം പഠനശേഷിയും അന്വേഷണപരതയും പ്രോത്സാഹിപ്പിക്കും.

* ആരോഗ്യമുള്ള തലമുയെ വളർത്തിയെടുക്കുന്ന തരത്തിൽ കായിക പരിശീലനവും അതിനുള്ള സൗകര്യങ്ങളും ക്രമീകരിക്കും.

* ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് വിദ്യാലയം പ്രവർത്തിക്കും.

## വിദ്യാലയ ചരിത്രം

1964 -നു മുമ്പ് വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ 7-ാം ക്ലാസ്സു വരെ വിദ്യാഭാസം ലഭിക്കുന്നതിനുള്ള സാഹചര്യമേ ഉണ്ടായിരുന്നുള്ളു. ഉപരി വിദ്യാഭ്യാസം ആഗ്രഹിക്കുന്ന കുട്ടികൾ തമിഴ്നാട്ടിലോ, പീരുമേടോ പോയി പഠിക്കേണ്ട സാഹചര്യമായിരുന്നു. ഇന്നത്തെപ്പോലെ ഗതാഗത സൗകര്യങ്ങളോ, റോഡുമാർഗ്ഗമോ അന്നുണ്ടായിരുന്നില്ല. പ്രതികൂലമായ കാലാവസ്ഥയെ തരണം ചെയ്ത് മൈലുകൾ താണ്ടി പഠനം തുടരേണ്ട സാഹചര്യമായിരുന്നു അന്നത്തേത്. ഈ സാഹചര്യത്തിൽ അന്നത്തെ M.L.A യും മുൻ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ശ്രീ.എം.എം സുന്ദരം അവറുകളുടെ അശ്രാന്ത പരിശ്രമ ഫലമായി ഒരു ഹൈസ്കൂൾ തുടങ്ങാനുള്ള അനുവാദം സർക്കാരിൽ നിന്നും ലഭിക്കുകയും ചെയ്തു. അങ്ങനെ 1964 -ൽ ഇന്ന് 62-ാം മൈൽ എന്നറിയപ്പെടുന്ന സ്ഥലത്ത് ശ്രീ.കുഞ്ചാക്കോചേട്ടൻ എന്ന വ്യക്തിയുടെ വീട്ടിൽ വെച്ചാണ് അധ്യയനം ആരംഭിച്ചത്. തുടങ്ങുന്ന സമയത്ത് 2 മലയാളം ഡിവിഷനും ഒരു തമിഴ് ഡിവിഷനുമായിരുന്നു ഉണ്ടായിരുന്നത്. അവിടുത്തെ അസൗകര്യം മൂലം വണ്ടിപ്പെരിയാർ കെ.ആർ തീയറ്ററിന്റെ ഉടമസ്ഥനായ ശ്രീ.K.R.ശങ്കരൻ (കോട്ടയം) എന്ന വ്യക്തിയുടെയും നമ്മുടെ M.L.A ആയിരുന്ന ശ്രീ.എം.എം.സുന്ദരം അവറുകളുടെയും ശ്രമഫലമായി സ്കൂളിന്റെ പ്രവർത്തനം തീയേറ്ററിലേക്ക് മാറ്റാൻ സാധിച്ചു.

തുടർന്ന് ഓരോ വർഷം കഴിയുന്തോറും കുട്ടികളുടെ എണ്ണം വർദ്ധിച്ചുവന്നു. അതോടെ സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു കെട്ടിടം ആവശ്യമായി വന്നു. ഈ സാഹചര്യത്തിൽ ചുരക്കുളം എസ്റ്റേറ്റ് ഉടമയായിരുന്ന ശ്രീ.സ്വാമി എന്നു വിളിക്കുന്ന കൃഷ്ണയ്യർ ആണ് അഞ്ചേക്കർ സ്ഥലം കെട്ടിടം പണിയാൻ വേണ്ടി സംഭാവന നൽകിയത്. അദ്ദേഹത്തേയും കുടുംബത്തേയും നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

സ്കൂൾ ആരംഭിക്കുന്ന സമയത്തെ പ്രധാന അദ്ധ്യാപകൻ ശ്രീ.ദാമോദരൻ നായർ സാർ ആയിരുന്നു. അദ്ദേഹത്തിന്റെ മകളായ സുധ ദാമോദരൻ എന്ന കുട്ടിയായിരുന്നു ഈ സ്കൂളിലെ ആദ്യത്തെ വിദ്യാർത്ഥിനി. ഓരോ വർഷം കഴിയുന്തോറും കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു വന്നു. 1964-1970 കാലഘട്ടത്തിൽ നമ്മുടെ

സ്കൂളിന്റെ പേര് നെഹ്റു മെമ്മോറിയൽ പഞ്ചായത്ത് സ്കൂൾ എന്നായിരുന്നു. 1967ലാണ് SSLC പരീക്ഷ എഴുതുവാനുള്ള സെന്റർ ലഭിച്ചത്. അതുവരെ 10-ാം ക്ലാസ്സിലെ കുട്ടികൾ 20 കി.മീ അകലെയുള്ള പീരുമേട് സ്കൂളിലേക്ക് പോകേണ്ട അവസ്ഥയായിരുന്നു.

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ നിന്നും കുമളി, പീരുമേട് എന്ന പഞ്ചായത്തുകളിൽ നിന്നും അധ്യയനത്തിനായി കുട്ടികൾ എത്തിച്ചേരുന്നുണ്ട്. തോട്ടം മേഖലയിൽ പണിയെടുക്കുന്ന ആൾക്കാരാണ് ഇവിടെ ഏറ്റവും അധികം. അധിക ശതമാനം ആളുകളും തമിഴ് വംശജരാണ്. അതിനാൽ ഏറ്റവും കൂടുതൽ തമിഴ് വിഭാഗം കുട്ടികൾ പഠിക്കുന്ന ജില്ലയിൽ ഏക വിദ്യാലയവും നമ്മുടെ തന്നെ. 2010 മുതൽ ഈ സ്കൂളിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ആരംഭിച്ചു.

2004-ൽ ഈ ഹൈസ്കൂൾ ഹയർസെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്തു. സയൻസ്, ഹ്യുമാനിറ്റീസ് എന്നീ വിഭാഗങ്ങളിലായി 100 കുട്ടികൾക്ക് ആദ്യ വർഷം അഡ്മിഷൻ ലഭിച്ചു. ഹയർസെക്കണ്ടറി ആരംഭിക്കുവാൻ മുൻകൈയെടുത്ത അന്നത്തെയും ഇപ്പോഴത്തെയും പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ശാന്തി ഹരിദാസ് അവറുകളെയും പ്രസിഡന്റിനോടൊപ്പം സഹകരിച്ച അന്നത്തെ പീരുമേട് M.L.A Adv.E.M ആഗസ്തി പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന കെ.പ്രകാശ് പി.റ്റി.എ പ്രസിഡന്റ് ആയിരുന്ന എസ്.എ.മണി ആദ്യത്തെ പ്രിൻസിപ്പൽ ഇൻ ചാർജ് പി.പി.തങ്കമ്മ എന്നിവരുടെയും അശ്രാന്ത ശ്രമഫലങ്ങളെ വണ്ടിപ്പെരിയാറിന് മറക്കുവാനാകില്ല. ഓരോ വർഷം കഴിയുന്തോറും സ്കൂളിന്റെ വിജയശതമാനം വർദ്ധിച്ചു വരുന്നു. സ്റ്റേറ്റ് ആവറേജിനെക്കാൾ മികച്ച വിജയശതമാനം ഈ വർഷം കരസ്ഥമാക്കുവാൻ കഴിഞ്ഞത് വലിയ സന്തോഷമുള്ള കാര്യമാണ്.

ഹൈസ്കൂളിൽ 613 വിദ്യാർത്ഥികളും ഹയർസെക്കണ്ടറിയിൽ 346 ഉം വിദ്യാർത്ഥികൾ പഠിക്കുന്നു. മൊത്തം 49 അദ്ധ്യാപകരും 3 അനദ്ധ്യാപകരും ഇവിടെ ജോലി ചെയ്തു വരുന്നു. 2014 ൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.വിജയാനന്ദ് ന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്പൈസസ് പദ്ധതി സ്കൂളിന്റെ വളർച്ചയ്ക്കും വികസനത്തിനും വളരെ സഹായകരമായിരുന്നു. ഇത്രയധികം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിന് അസൗകര്യങ്ങൾ ഏറെയുണ്ട്. ആവശ്യത്തിന് ടോയ്‌ലറ്റ്, കുടിവെള്ളസൗകര്യം, ക്ലാസ്സുമുറികൾ, ലാബ്, കമ്പ്യൂട്ടർ റൂമുകൾ, സ്മാർട്ട്

ക്ലാസ്സ്റൂംസ്, കുട്ടികൾക്കുള്ള വിശ്രമമുറി, ലൈബ്രറി, ഓഡിറ്റോറിയം, ഹോസ്റ്റൽ, സ്കൂൾബസ്, കളിസ്ഥലം തുടങ്ങിയ സൗകര്യങ്ങളൊന്നുമില്ലാതെ കുട്ടികളും അദ്ധ്യാപകരും കുറെ ബുദ്ധിമുട്ടുന്നു.

ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും ഇന്ന് ഈ സ്കൂളിൽ തന്നെ അദ്ധ്യാപകരായി ജോലി ചെയ്യുന്നു എന്നത് വളരെ അഭിമാനകരമാണ്. സംസ്ഥാനതലത്തിൽ ഏറ്റവും അധികം എസ്.സി, എസ്റ്റി വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തുകയും വിജയശതമാനം കരസ്ഥമാക്കുകയും ചെയ്തു. സംസ്ഥാനതല അവാർഡ് ലഭിക്കുകയും ചെയ്തു എന്ന അപൂർവ്വമായ ബഹുമതിയും നമ്മുടെ സ്കൂളിനുണ്ട്.

കല, സാഹിത്യം, സയൻസ്, കായികം എന്നീ മേഖലകളിൽ സ്കൂൾ തലത്തിലും ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും കുട്ടികളെ പങ്കെടുപ്പിക്കുകയും സമ്മാനാർഹരാക്കുകയും ചെയ്തു. മികച്ച കബഡി, നീന്തൽ ടീം നമ്മുടെ സ്കൂളിനുണ്ട്. സ്കൂളിന്റെ വികസന കാര്യങ്ങളിൽ പി.റ്റി.എ അംഗങ്ങൾ നല്ലവണ്ണം ശ്രദ്ധ പതിപ്പിക്കുന്നു.

2016-17 അദ്ധ്യയന വർഷം കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് അന്താരാഷ്ട്ര പദവിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ബഹു.പുരുമേട് M.L.A ശ്രീമതി.ഇ.എസ്.ബിജിമോൾ നമ്മുടെ സ്കൂളിനെ തെരഞ്ഞെടുത്തത് ഈ നാടിന്റെ ഭാഗ്യം എന്നു തന്നെ പറയാം. ബഹു.M.L.A യ്ക്ക് ഇവിടുത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളും പൊതുസമൂഹവും എന്നും കടപ്പെട്ടിരിക്കും. വണ്ടിപ്പെരിയാറിന്റെ മുഖഛായ തന്നെ മാറ്റുവാൻ പോന്നതാവും ഈ വിദ്യാലയം എന്ന പ്രത്യാശയോടെ നമുക്ക് മുന്നേറാം. ഭരണസംവിധാനങ്ങളോട് ഒപ്പം ചേർന്നു നമുക്ക് പ്രവർത്തിക്കാം.

## സ്കൂൾ മികവിന്റെ കേന്ദ്രം

**കാഴ്ചപ്പാടുകൾ**

* പൂർണ്ണമായും വിദ്യാർത്ഥികേന്ദ്രമായ പഠനക്രിയ പിന്തുടരുന്നു.
* ഓരോ ക്ലാസ്സിലും ആർജിക്കേണ്ട പഠനനിലവാരം ഉറപ്പാക്കി മാത്രം കുട്ടികൾ അടുത്ത ക്ലാസ്സിലേയ്ക്ക്

* പ്രസ്തുത നിലവാരത്തിലെത്താത്തവർക്കായി പ്രത്യേക പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നു.

* മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന കുട്ടികൾ

* ശാസ്ത്രപഠനത്തിന്റെ രീതി സ്വായത്തമാക്കിയ വിദ്യാർത്ഥികൾ സ്വയം പഠന രീതിശാസ്ത്രം പ്രയോഗിക്കുന്നവർ പുസ്തകങ്ങളും ഇന്റർനെറ്റും ഉപയോഗിച്ച് കണ്ടെത്തുന്നവർ.

* കാർഷിക സംസ്കാരത്തെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ കുട്ടികൾ, പ്ലാസ്റ്റിക് കീടനാശിനി ലഹരിമുക്തമാക്കി വിദ്യാലയത്തെ പരിപാലിക്കുന്നവർ പരിസ്ഥിതി സംരക്ഷണ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഭാഗമാക്കാവുന്ന വിദ്യാർത്ഥികൾ.

* കലാകായിക പ്രവൃത്തി പരിചയ പരിശീലനവും സർഗ്ഗശേഷി വികസനത്തിനും ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തിയ വിദ്യാലയം.

* പൂർവ്വ വിദ്യാർത്ഥികൾക്കും ഗ്രാമത്തിനും പിന്തുണയും സഹായവും നൽകുന്ന വിദ്യാലയം. എല്ലാവിധ പിന്തുണയും നൽകുന്ന സമൂഹവും സ്ഥാപനങ്ങളും.

**സ്കൂൾ വികസന പദ്ധതി രൂപീകരണം.**

സ്കൂൾ പി.ടി.എ, എം.പിടി.എ, എച്ച്.എം.ഡി എന്നിവയുടെ സംയുക്ത യോഗം ചേർന്ന് അടുത്ത 10 വർഷത്തേക്കുളള വികസനപദ്ധതി അവലോകനം നടത്തി.

1. വികസന ലക്ഷ്യങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പുതുക്കാൻ തീരുമാനിച്ചു.

2. അക്കാദമികരംഗത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് ചർച്ച ചെയ്തു.

3. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ ചർച്ചകൾ നടത്തി.

4. സാമൂഹിക സാംസ്കാരിക രംഗത്തുള്ളവരുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കാൻ തീരുമാനിച്ചു.

5. പൂർവ്വവിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് വികസനപരിപാടികൾ നടത്താൻ തീരുമാനിച്ചു.

**അക്കാദമിക പ്രവർനങ്ങൾ**

**വായന, പരിപോഷണം**

എല്ലാ കുട്ടികൾക്കും വിവിധ ഭാഷകളിലും ഫലപ്രദമായി വായിക്കാനുള്ള ശേഷി വികസിപ്പിക്കൽ, എന്ന ലക്ഷ്യം നേടുക. ക്ലാസ്സ് ടീച്ചേഴ്സിന്റെ മേൽനോട്ടം ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

വിവിധ ഭാഷകളിലുള്ള

* വായനാ സാമഗ്രികൾ അടുക്കും ചിട്ടയോടും സൂക്ഷിച്ചു വയ്ക്കുന്നതിന് ക്ലാസ്തലത്തിൽ ടീമിനെ തെരഞ്ഞെടുക്കുന്നു.

* പുസ്തക കൈമാറ്റത്തിന് ഓരോ ക്ലാസ്സിലും രജിസ്റ്റർ തയ്യാറാക്കൽ, കുട്ടിക്ക് ഒരു പേജ് വീതം നീക്കിവെയ്ക്കൽ

*ക്ലാസ്സ്തോറും കൈയെഴുത്ത് മാസികകൾ,മികച്ചവക്ക് സമ്മാനം നൽകൽ, മെച്ചപ്പെട്ടത് റീഡിംഗ് റൂമിൽ വായിക്കാനവസരം നൽകുക.

* ക്വിസ് പ്രോഗ്രാം നടത്തൽ

2. സ്കൂൾ പത്രം, മാസിക

എല്ലാ കുട്ടികളുടെയും വായന, ലേഖനം ചിത്രരചന എന്നീ മേഖലയിലുള്ള സർഗ്ഗാത്മകശേഷി വികസിപ്പിക്കുക എന്ന ലക്ഷ്യം.

**പ്രവർത്തനങ്ങൾ**

* ഓരോ ക്ലാസ്സിലും കൈയെഴുത്തുമാസികകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ, കഥകൾ, കവിതകൾ എന്നിവ തയ്യാറാക്കൽ

* വിദ്യാലയത്തിന്റെ മികവ് വിളിച്ചോതുന്ന നിരവധി പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പത്രത്തിലൂടെ പ്രസിദ്ധപ്പെടുത്തൽ.

**പേഷകാഹാരപരിപാടി, ഉച്ചഭക്ഷണ പദ്ധതി**

**ആരോഗ്യമുള്ളതലമുറയെ വാർത്തെടുക്കൽ**

* വിഷരഹിത പച്ചക്കറി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്താനായി ജൈവപച്ചക്കറികൃഷി മെച്ചപ്പെടുത്തുന്നു.

* ആരോഗ്യ ബോധവൽക്കരണക്ലാസ്സുകൾ നടത്തുക, പോഷകാഹാര കലണ്ടറുകൾ, പോസ്റ്ററുകൾ, കഴിക്കേണ്ട അളവുകൾ കഴിച്ചില്ലെങ്കിലുണ്ടാകാവുന്ന ദോഷഫലങ്ങൾ സൂചിപ്പിക്കുന്ന ചാർട്ടുകൾ എന്നിവ ക്ലാസ്റൂം തോറും പ്രദർശിപ്പിക്കൽ.

* വിശേഷ ദിവസങ്ങളിൽ സ്പെഷ്യൽഫുഡ്

കുട്ടികൾ, കൃഷി വകുപ്പ്, പി.ടി.എ ക്ലാസ്സ് ടീച്ചേഴ്സ് എന്നിവരുടെ ചുമതലയിൽ നടപ്പാക്കുന്നു.

4. **പഠനയാത്ര**

പഠനവിധേയമായ കാര്യങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാനുള്ള അവസരമൊരുക്കുന്നു.

* ഓരോ ക്ലാസ്സിലെയും കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള സ്ഥലങ്ങൾ കണ്ടെത്തുക.

* യാത്രാവിവരങ്ങൾ തയ്യാറാക്കുകയും പതിയാക്കുകയും ചെയ്യൽ

* പഠനയാത്രയിലെ ആകർഷകമായ സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവയുടെ വീഡിയോ ശേഖരണം.

പി.ടി.എ യുടെയും ക്ലാസ്സ് ടീച്ചേഴ്സിന്റെയും സേവനം ഉറപ്പാക്കുന്നു.

5. **ഭാഷാശേഷി വികസനം**

എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ ലക്ഷ്യം.

പ്രവർത്തനങ്ങൾ

* പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.
* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ
* മലയാളത്തിലുള്ള അസംബ്ലി,
* പതിപ്പുകൾ, ചുമർ പത്രികകൾ, ലഘുവായനാപുസ്തകം

ഭാഷാപരമായ പിന്നോക്കാവസ്ഥ അനുഭവപ്പെടുന്ന കുട്ടികൾക്കുള്ള ക്ലാസ്സ് മലയാളം അദ്ധ്യാപകർ, ക്ലാസ്സ് ടീച്ചേഴ്സ് എന്നിവരുടെ ഉത്തരവാദിത്വത്തിൽ നടപ്പാക്കുന്നു.

6. ഇംഗ്ലീഷ് പഠന പരിപോഷണം

പ്രവർത്തനങ്ങൾ

* പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.
* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ്
* ഇംഗ്ലീഷിലുള്ള അസംബ്ലി, പബ്ലിക് സ്പീക്കിംഗ്
* ഇംഗ്ലീഷിലുള്ള ഡയറി, Script writting, Choreography
* ഇംഗ്ലീഷ് ലൈബ്രറി, ഇംഗ്ലീഷ് പത്രം, Documentry
* ഇംഗ്ലീഷ് കോർണർ, Listening English guides
* സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, Recitation, ~~speach~~ speech
* English Fest, ഇംഗ്ലീഷ് മാഗസിൻ , Multimedia Presentation.

ചുമതല : S.R.G, ക്ലാസ്സ് ടീച്ചേഴ്സ്, ഇംഗ്ലീഷ് ~~ഭാഷാധ്യാപകൻ~~ ഭാഷാ അദ്ധ്യാപകർ

തമിഴ് ഭാഷാശേഷി വികസനം

തമിഴ് ഭാഷ നന്നായി കൈകാര്യം ചെയ്യാനും വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ

* പഠനനില കണ്ടെത്തൽ-പ്രീടെസ്റ്റ് നടത്തി പരിമിതികളും മികവുകളും കണ്ടെത്തുന്നു.
* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ
* തമിഴിലുള്ള അസംബ്ലി
* തമിഴിലുള്ള ഡയറി
* പതിപ്പുകൾ, ചുമർപത്രികകൾ, പത്രം, സംവാദം
* ക്ലാസ്സ് ലൈബ്രറി-വായനാ സാമഗ്രികൾ, വായനാ പുസ്തകം, ദിനാചരണങ്ങൾ, വായനഉത്സവം
* ഭാഷാപരമായ പിന്നോക്കാവസ്ഥ അനുഅനുഭവപ്പെടുന്ന കുട്ടികൾക്കുള്ള ക്ലാസ്സ് (പരിഹാരബോധനം)

ഭാഷാധ്യാപകർ, ക്ലാസ്സ് ടീച്ചേഴ്സ് എന്നിവരുടെ ഉത്തരവാദിത്വത്തിൽ നടപ്പാക്കുന്നു.

8. **ലൈബ്രറി ശാക്തീകരണം**

എല്ലാ കുട്ടികൾക്കും വായനയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും നല്ല വായന പ്രോത്സാഹിപ്പിക്കുന്നതിനും

**പ്രവർത്തനങ്ങൾ**

* നിലവാരത്തിനനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ തരംതിരിക്കൽ
* ഓരോ ക്ലാസ്സിലേക്കും ആവശ്യമായ ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ
* ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഡിക്ഷണറി എല്ലാ ക്ലാസ്സുകളിലേക്കും
* റഫറൻസ് പുസ്തകങ്ങൾ എല്ലാ വിഷയങ്ങൾക്കും

S.R.G.ക്ലാസ്സ് ടീച്ചേഴ്സ്, ലൈബ്രറിയുടെ ചാർജുള്ള അദ്ധ്യാപികയുടെ ചുമതലയിൽ നടപ്പാക്കുന്നു.

9. **സെമിനാറുകൾ, പ്രോജക്ടുകൾ, അസൈന്റുമെന്റുകൾ**

ഏതൊരു വിഷയത്തെക്കുറിച്ചും വിവരശേഖരണം നടത്തുന്നതിനും അപഗ്രഥിച്ച് ക്രോഡീകരിച്ച് എത്തിച്ചേരുന്നതിനുള്ള ശേഷി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു.

* വിഷയങ്ങൾ കണ്ടെത്തൽ
* ആവശ്യമായ റഫറൻസ് മെറ്റീരിയൽസ് ശേഖരിക്കൽ
* Slide show presentation

ഓരോ വിഷയവും കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ

10. **ഭാഷാപഠനം- ഹിന്ദി**

എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ പരിശീലിക്കുന്നതിനും ഫലപ്രദമായി സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന്

പ്രീടെസ്റ്റ് നടത്തി ചെറിയ ക്ലാസ്സുകളിൽ നിന്ന് ആർജ്ജിച്ചിട്ടുള്ള പഠനനിലവാരം മനസ്സിലാക്കുന്നു. ക്രിയാപദങ്ങൾ, നാമപദങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ പൂക്കൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയ ചുമർ പത്രികകൾ, ഹിന്ദി ക്ലബ്, വായനാദിനം, പ്രേംചന്ദ് ജയന്തി, [illegible]

ചെറിയ ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ ശേഖരിച്ച് വായനക്ക് നൽകൽ, Audio class - കേൾപ്പിക്കൽ

അദ്ധ്യാപകർ, (ഹിന്ദി), ക്ലാസ്സ്ടീച്ചേഴ്സ്- ചുമതല

**ദിനാചരണം**

അതതു ദിവസത്തിന്റെ പ്രാധാന്യം അറിയുന്നതിനും സാമൂഹ്യബന്ധം നിലനിർത്തുന്നതിനും

**പ്രവർത്തനങ്ങൾ**

ദിനാചരണങ്ങളിൽ രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും ജനപ്രതിനിധികളുടെയും സാന്നിദ്ധ്യം

അതതു ദിവസവുമായി ബന്ധപ്പെട്ട് ചുമർപത്രികകൾ, ക്വിസ്, സെമിനാർ, പ്രേജക്ടുകൾ, റാലികൾ

ചുമതല: ക്ലബ്-ചാർജുള്ള അദ്ധ്യാപകരും, കുട്ടികളും

12. **IT പരിശീലനം**

ജീവിതത്തിൽ ഐ.ടിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പ്രയോഗിക്കുന്നതിനും

**പ്രവർത്തനങ്ങൾ**

കുട്ടികൾക്ക് മാത്രമല്ല, രക്ഷിതാക്കൾക്കും സമ്പൂർണ്ണ ഇ-സാക്ഷരത

ഇംഗ്ലീഷ്, മലയാളം ടൈപ്പിംഗ്

വെബ്പേജ്, പ്രോഗ്രാമുകൾ, അനിമേഷൻസ് എന്നിവ തയ്യാറാക്കൽ-Little kites

വിവിധ വിഷയങ്ങൾ ഐടിയുടെ സഹായത്തോടെ മനസ്സിലാക്കുക

Slide കൾ തയ്യാറാക്കൽ

Slide show presentation

SITC, ടീച്ചേഴ്സ്-എന്നിവരുടെ ചുമതലയിൽ നടപ്പാക്കുന്നു, Little kites ചാർജ്

**പച്ചക്കറിത്തോട്ടം**

കുട്ടികൾക്ക് കൃഷിയിൽ താൽപ്പര്യം വളർത്താനും അവരുടെ ആരോഗ്യം നിലനിർത്താൻ

**പ്രവർത്തനങ്ങൾ**

കുട്ടികളെ വിവധ House കളിലാക്കി വിവിധ Areas കൃഷിക്കായി നൽകി കൃഷി ചെയ്യുന്നു.

ഉച്ചഭക്ഷണത്തിനാവശ്യമായ ഭക്ഷണ സാധനങ്ങൾ ആവശ്യമായ അളവിൽ കൃഷി ചെയ്യുന്നു.

ചുമതല : ഇക്കോക്ലബ്ബ് അംഗങ്ങൾ, ചാർജുള്ള അദ്ധ്യാപകർ

13. **പ്രവൃത്തി പരിചയ പഠനം**

പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് വർദ്ധിപ്പിക്കുന്നു.

14. **കായികം**

കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ
സ്വഭാവരൂപീകരണം
യൂണിറ്റി
ഏകാഗ്രത-എന്നിവ ലക്ഷ്യമിടുന്നു.

**നടത്തുന്ന പ്രവർത്തനങ്ങൾ**

യോഗ, എയറോബിക്സ്
ഫുട്ബോൾപരിശീലനം
വോളിബോൾ പരിശീലനം
കബഡി
നീന്തൽ പരിശീലനം
ക്രിക്കറ്റ് പരിശീലനം , ഖൊ-ഖൊ പരിശീലനം , അത്‌ലറ്റിക്സ്
ചുമതല : കായികാദ്ധ്യാപകൻ

15. **മെഡിക്കൽക്യാമ്പ്**

ലക്ഷ്യം : ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുക.
**പ്രവർത്തനങ്ങൾ** ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ്
എല്ലാ മാസവും ഹെൽത്ത് കൗൺസിലിംഗ്
പകർച്ച വ്യാധികൾ തടയാൻ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കൽ
De-worming പദ്ധതി
അയൺ- ഫോളിക് ആസിഡ് ടാബ്ലറ്റുകൾ
സ്കൂൾ ഫസ്റ്റ് എയ്ഡ് കിറ്റ്, ഫസ്റ്റ് എയ്ഡ് നൽകാൻ പരിശീലനം നേടിയ കുട്ടികൾ , വ്യക്തിശുചിത്വം, ലഹരിക്കെതിരായുള്ള ബോധവത്കരണം
സാനിട്ടറി പാഡുകൾ , [illegible]
ചുമതല- ഹെൽത്ത് ക്ലബ്ബ്

16. **കൗൺസിലിംഗ്**

കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

എല്ലാ ദിവസവും കൗൺസിലറുടെ സേവനം മാതാപിതാക്കൾക്കും കൗൺസിലിംഗ് സാധ്യത
കൃത്യമായ followup
ചുമതല-കൗൺസിലിംഗ് അദ്ധ്യാപിക
(ബോധവൽക്കരണ ക്ലാസ്സ്, കുട്ടികളുടെ ഭവന സന്ദർശനം, വിമുക്തി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ)

**ലഹരിവിമുക്ത പ്രവർത്തനങ്ങൾ**

കുട്ടികളെ ലഹരിയിൽ നിന്ന് വിമുക്തമാക്കൽ- ലഹരിമുക്ത ക്യാംപസ്

**പ്രവർത്തനങ്ങൾ**

എക്സൈസ് ഡിപ്പാർട്ടുമെന്റുമായി ചേർന്നുള്ള മാസംതോറുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ.

കൗൺസിലിംഗ് പ്രവർത്തനങ്ങൾ.

സ്രോതസ്സുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യൽ

ചുമതല- ലഹരിവിമുക്തക്ലബ്ബ്, വിമുക്തി

18. **ജെ.ആർ.ഡി**

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളോടൊപ്പം ചാരിറ്റിയുമായി ബന്ധപ്പെട്ട മനോഭാവം വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ ഭവന സന്ദർശനം-സഹായം നൽകൽ

ആശുപത്രി സന്ദർശിക്കൽ

പരിസരം വൃത്തിയാക്കൽ

പകർച്ചവ്യാധി, ലഹരി വസ്തുക്കളുടെ ഉപയോഗം ബോധവൽക്കരണം

ചുമതല- ചാർജ്ജുള്ള അദ്ധ്യാപിക

**ക്ലാസ്സ് പിറ്റിഎ**

രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പഠനനേട്ടങ്ങൾ ഉറപ്പ്വരുത്തുക.

**പ്രവർത്തനങ്ങൾ**

കുട്ടികളുടെ പഠന പ്രവർത്തനങ്ങളുടെ അവതരണം ഉൽപ്പന്നങ്ങളുടെ പ്രകാശനം ,

ക്ലാസ്സ് പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം

20. **നിരന്തര മൂല്യനിർണ്ണയം/ടേം മൂല്യനിർണ്ണയം**

പഠനനിലവാരം മെച്ചപ്പെടുത്തുകയും പിന്നോക്കക്കാരെ മുന്നിലെത്തിക്കുകയും ലക്ഷ്യമിടുന്നു.

**പ്രവർത്തനങ്ങൾ.**

സ്കൂളിലെ മുഴുവൻ കുട്ടികളുടെയും എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി മൂല്ല്യനിർണ്ണയം നടത്തുന്നു.

പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കുടുതൽ പ്രവർത്തനങ്ങൾ നൽകൽ(ശ്രദ്ധ, ~~നവപ്രഭ-~~തുടങ്ങിയ പദ്ധതികൾ)

21. **ലബോറട്ടറി**

സയൻസ് വിഷയങ്ങൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പഠിക്കാൻ അവസരം. വ്യക്തിഗതമായി പരീക്ഷണങ്ങൾ ചെയ്ത് നിഗമനത്തിലെത്തുക

**പ്രവർത്തനങ്ങൾ.**

ശാസ്ത്ര വിഭാഗങ്ങൾ ഓരോന്നിനും ആവശ്യമായ എല്ലാ ഉപകരണങ്ങ

ളും സജ്ജീകരിച്ച് കുട്ടികൾക്ക് ഉപയോഗിക്കാൻ അവസരം നൽകുന്നു. ഗണിതം, സോഷ്യൽ സയൻസ് വിഷയങ്ങൾ, മോഡലുകൾ, മാപ്പുകൾ എന്നിവയിലൂടെ കൂടുതൽ അറിവുകൾ നേടാൻ സഹായിക്കുന്നു.

22. **ജൈവവൈവിധ്യപാർക്ക്**

പരിസ്ഥിതിയെ പരീക്ഷണത്തിലൂടെ തൊട്ടറിയുന്നതിന്. ജൈവവൈവിധ്യം പ്രാധാന്യം, പ്രയോജനം എന്നിവ മനസ്സിലാക്കുക.

**പ്രവർത്തനങ്ങൾ.**

പ്രകൃതിയിൽ നിന്നും അന്യം നിന്നുപോകുന്ന വിവിധയിനം സസ്യങ്ങൾ, ഔഷധസസ്യങ്ങൾ, പരിസ്ഥിതി ആശ്രയിച്ചു കഴിയുന്ന ജീവികൾ എന്നിവയെ സ്കൂളിനു ചുറ്റും സജ്ജീകരിക്കുന്നു.

ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു.

Eco club ... Nature club ...

23 **ശാസ്ത്രാഭിരുചി വളർത്തൽ**

എല്ലാ കുട്ടികൾക്കും ശാസ്ത്രാഭിരുചി വളർത്തൽ ലക്ഷ്യമിടുന്നു.

**പ്രവർത്തനങ്ങൾ.**– Science lab- ...

ഗവേഷണ പ്രോജക്ടുകൾ, ശാസ്ത്രപുസ്തക നിർമ്മാണം, ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികൾ ക്രമീകരിക്കുന്നു. ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. ഇവയിൽ തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരം എല്ലാ കുട്ടികൾക്കും നൽകുക. ഫീൽഡ് ട്രിപ്പ്

School film club – Students ... | SKCI Science Teachers

24. **ശ്രദ്ധ**

പഠന പിന്നോക്കാവസ്ഥയിലായ കുട്ടികൾക്ക് അധിക ശ്രേഡ് നൽകി മുന്നോക്കാവസ്ഥയിലെത്തിക്കുന്നു. ചാർജുള്ള അദ്ധ്യാപകർ മേൽനോട്ടം വഹിക്കുന്നു.

**ഗണിതപഠനം**

ഗണിത നിർമ്മിതികളിലെ ശേഷി കൈവരിക്കാനും സംഖ്യാബോധം നേടുന്നതിനും ഭിന്നസംഖ്യകളെയും ദശാംശ സംഖ്യകളെയും ക്കുറിച്ചും പഠിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ഗണിത താൽപ്പര്യം വർദ്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ.**

* പ്രീടെസ്റ്റ് നടത്തി നിലവാരം മനസ്സിലാക്കാൻ(പട്ടിക, Puzzles)
* ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മോഡലുകൾ, സാങ്കേതിക വിദ്യകൾ
* സ്ഥാനവിലകൾ മനസ്സിലാക്കാൻ വർക്ക്ഷീറ്റ്
* വിവിധ തരത്തിലുള്ള സംഖ്യാ പാറ്റേണുകൾ, ജ്യാമിതീയ പാറ്റേണുകൾ,ഗെയിമുകൾഎന്നിവ തയ്യാറാക്കുന്നു.

* സംഘപഠനം, Fieldtrip, ഗണിതകൂട്ടായ്മ
* ചാർജ്-ഗണിത അദ്ധ്യാപകൻ, ഗണിത ക്ലബ്ബ് അംഗങ്ങൾ

**സാമൂഹ്യശാസ്ത്രം**

കുട്ടികളെ ചരിത്രാവബോധമുള്ളവരാക്കാനും ജനാധിപത്യം ജീവിതശൈലിയായി മാറ്റി പൗരബോധം ഉള്ളവരാക്കി വളർത്താനും സഹായിക്കുന്നു. മതേതരത്വം സഹിഷ്ണുത എന്നിവ വളർത്താനും കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക എന്നിവ ലക്ഷ്യം വെയ്ക്കുന്നു. വ്യത്യസ്ത ഇനം മണ്ണ്, ജലാശയങ്ങൾ, സമപർവ്വതങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു.

* ഫീൽഡ് ട്രിപ്പ്
* ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ, ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു, Atlas, globe എന്നിവ പരിചയപ്പെടുത്തുന്നു.
* ക്വിസ്, ശ്നോത്തരി, സംവാദം, ദിനാചരണം
* ചരിത്രലാബ്, വീഡിയോ പ്രദർശനം, സംവാദം
* S.S ക്ലബ്ബ്, അദ്ധ്യാപകർ, ക്ലബ്ബ്കുട്ടികൾ

**സ്കൂൾ ബസ്**

നമ്മുടെ സ്കൂൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായിരുന്നു കുട്ടികളുടെ യാത്രാ ദുരിതം. വളരെ ദൂരത്തുനിന്നും (സത്രം, ആനക്കുഴി, ഡൈമുക്ക്) കുട്ടികൾ ഇവിടെ പഠിക്കാൻ എത്തുന്നത് വളരെയേറെ ബുദ്ധിമുട്ടായിരുന്നു. എന്നാൽ ഇന്ന് പീരുമേട് മുൻ MLA ശ്രീമതി ഇ.എസ്.ബിജിമോൾ ടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച സ്കൂൾ ബസ് കുട്ടികളുടെ യാത്രാദുരിതത്തിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. എന്നത് വളരെ ആശ്വാസകരമാണ്. ബഹുമാനപ്പെട്ട MLA യോട് എന്നും സ്കൂൾ കടപ്പെട്ടിരിക്കുന്നു. കുട്ടികൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിലും അദ്ധ്യാപകരുടെ സഹകരണത്തോടെ സ്കൂൾ ബസ് നന്നായി പ്രവർത്തിക്കുന്നു.

**SPC**

പീരുമേട് MLA ആയിരുന്ന ഇ.എസ്.ബിജിമോൾ മുൻകൈയെടുത്ത് വഴിയായി 2018 ൽ സ്കൂളിൽ SPC യൂണിറ്റ് അനുവദിക്കപ്പെടുകയുണ്ടായി. അന്നു മുതൽ ഈ അദ്ധ്യയന വർഷം വരെയും വളരെ മികവും രീതിയിൽ SPC യൂണിറ്റ് സ്കൂളിൽ പ്രവർത്തിക്കുന്നു. എല്ലാ വർഷവും SPC-ജമഷൈഴ-ുമൃമറല നടത്തുകയും ചെയ്യുന്നു. സ്കൂൾ അച്ചടക്കപാലനത്തിൽ SPC കുട്ടികളെ ഉൾപ്പെടുത്തി ക്രമീകരിക്കാൻ കഴിയുന്നു. സ്കൂളിന്റെ മുൻവശത്തെ ട്രാഫിക് നിയന്ത്രിച്ച് കുട്ടികളെ റോഡ് മുറിച്ച് കടക്കാൻ സഹായിക്കുന്നു.

സ്കൂൾ ഇന്ന്.

എല്ലാ പരിമിതികൾക്കിടയിൽ നിന്നും അക്കാദമിക ഭൗതിക മേഖലയിലെ മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെയും വിദ്യാലയമാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ലാസ്റൂമുകളും പഴയ അവസ്ഥയിൽ നിന്നും വ്യത്യസ്തമായി മെച്ചപ്പെട്ട നിലയിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുള്ള മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ക്ലാസ്സ്റൂമും കമ്പ്യൂട്ടർ ലാബും നവീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രവർത്തന ക്ഷമമായ 10-ഓളം കംപ്യൂട്ടറുകളും 35-ഓളം ലാപ്ടോപ്പുകളും ലാബിൽ ക്രമീകരിക്കുകയും കുട്ടികൾക്ക് യഥാസമയം പ്രക്ടിക്കൽ, തിയറി ക്ലാസ്സുകൾ ക്രമീകരിക്കാനും കഴിയുന്നു.

എന്നാൽ സ്കൂൾ ക്യാംപസിന്റെ മുഴുവൻ ഭാഗത്തേക്കും ചുറ്റുമതിൽ കെട്ടാൻ കഴിയാത്തത് ഒരു വലിയ പോരായ്മയായി നിലനിൽക്കുന്നു. ഇതിലേക്ക് ആവശ്യമായ തുക അനുവദിക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്തിലേക്ക് അപേക്ഷകൾ നൽകിയിട്ടുണ്ട്. അങ്ങനെ ആ പോരായ്മയും പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ സംസ്ഥാന തലത്തിൽ വരെ എത്തി മാറ്റുരയ്ക്കപ്പെട്ട കായിക താരങ്ങൾക്ക് കൃത്യമായ പരിശീലനം നടത്താനാവശ്യമായ കളിസ്ഥലത്തിന്റെ അപര്യാപ്തതയും പരിഹരിക്കേണ്ടതുണ്ട്. അതുപോലെ നീന്തലിൽ സംസ്ഥാനതലം വരെ എത്തിക്കാൻ കഴിഞ്ഞെങ്കിലും നീന്തൽ പരിശീലനം നൽകാനാവശ്യമായ സാഹചര്യങ്ങളില്ലായിരുന്നു. അതിനു പരിഹാരമായി പീരുമേട് ഫയർഫോഴ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാനുള്ള ക്രമീകരണം ആയിട്ടുണ്ട്. അതുപോലെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ കായികക്ഷമത ഉയർത്തുന്നതിനായി ക്രിസ്മസ് അവധി ദിനങ്ങളിൽ ഷട്ടിൽ, ഹോക്കി, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, ഓട്ടം തുടങ്ങി എല്ലാ മേഖലകളിലും കഴിവ് തെളിയിക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് പരിശീലനം നടത്തി. ഹോക്കി, കായിക ഉപകരണങ്ങൾക്കായി സ്പോർട്സ് അസോസിയേഷൻ, ഹോക്കി അസോസിയേഷൻ എന്നിവിടങ്ങളിലേക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ കഴിവുകൾ കായിക രംഗത്ത് പ്രശോഭിപ്പിക്കാനും കായികക്ഷമത വർദ്ധിപ്പിക്കാനും ഇവ വളരെയേറെ സഹായകമായിത്തീരും.

ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ കുട്ടികളുടെ

സുരക്ഷിതത്വവും അച്ചടക്കവും ഉറപ്പാക്കാൻ കഴിയുന്നതിനായി എൻ.സി.സി യൂണിറ്റ് കൂടി അനുവദിക്കപ്പെടാനായി സംസ്ഥാനതലത്തിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അദ്ധ്യാപകർക്കൊപ്പം അച്ചടക്കം നിലനിർത്തുന്നതിനും സഹായിക്കാൻ കഴിയുന്ന ഈ NCC യൂണിറ്റുകളുടെ സേവനം വളരെ ആവശ്യമാണ്.

അതുപോലെ സ്കൂളിനോടനുബന്ധിച്ച് മുകൾവശത്തെ കെട്ടിടത്തിന്റെ മുൻ ഭാഗവും ഓഫീസിന്റെ ഇടതു ഭാഗവും ജൈവവൈവിധ്യ ഉദ്യാനമാക്കി തീർക്കാനാണ് ആഗ്രഹിക്കുന്നത്. ക്യാംപസിൽ ഉള്ള സസ്യജനങ്ങളെ സംരക്ഷിച്ചുകൊണ്ടും വിവിധ ഇനം ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിച്ചും ഒരു ഔഷധ സസ്യതോട്ടം ആയി വളർത്താനുള്ള ശ്രമം ആണ് നടത്തുന്നത്. അതുപോലെ വിവിധയിനം പച്ചക്കറികൾ നട്ടു വളർത്തുന്നു. പ്രധാന ജലസ്രോതസായ കിണറുകളിലെ ജലം ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യുന്നു. അതുപോലെ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പണിത് തന്നിട്ടുള്ള മഴവെള്ള സംഭരണിയും ജലക്ഷാമം പരിഹരിക്കാൻ സഹായിക്കുന്നു. മറ്റ് ജൈവാവശിഷ്ടങ്ങൾ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടത് ഏറ്റവും അത്യാവശ്യമായ മറ്റൊരു കാര്യം. പച്ചക്കറി കൃഷിക്ക് ഇവ ഉപയോഗപ്പെടുത്താൻ കഴിയും. പ്ലാസ്റ്റിക് വിമുക്ത ക്യാംപസ് എന്ന ലക്ഷ്യത്തിലേക്ക് എത്താൻ ശ്രമിക്കുകയാണ്.

**അക്കാദമികം**

പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന പഠനരീതി പ്രാവർത്തികമാക്കുന്നതിനും മന്നേറുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിവിധ തലങ്ങളിൽ കുട്ടികൾ മികവ് പ്രകടിപ്പിക്കുന്നുണ്ട്. ശാസ്ത്ര ഗണിത വിഷയങ്ങളിൽ ഏറെ മുന്നേറുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതനങ്ങളായ പദ്ധതികൾ ആവിഷ്കരിക്കാനും അവ കുട്ടികളുടെ നേതൃത്വത്തിൽ നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര, ഗണിതശാസ്ത്ര, ഐ.ടി മേഖലകളിലും പ്രവൃത്തി പരിചയ മേഖലകളിലും ജില്ലാതല, സംസ്ഥാനതല നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. അതുപോലെ കായിക മേഖലയിലും സംസ്ഥാനതല നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പ്രതിഭകൾ സ്കൂളിന്റെ അഭിമാനം ഉയർത്തുന്നു. ഐ.ടി അധിഷ്ടിത വിദ്യാഭ്യാസം ഇംഗ്ലീഷ് മീഡിയം എന്നിവ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഈ സ്കൂളിനെ വേറിട്ടു നിർത്തുന്നു. ഈ രീതിയിലുള്ള അദ്ധ്യാപനരീതിയും പ്രവർത്തനങ്ങളും ഉയർന്ന തലവിദ്യാഭ്യാസം നേടുന്നതിന് കുട്ടികളെ വളരെ സഹായിക്കുന്നു .

[illegible]

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനത്തിന് പ്രകടപരമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ
2. സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കാനുളള അവസരങ്ങൾ.
3. ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി ഭാവനയുടെയും വായനയുടെയും ലോകം വിസ്തൃതമാക്കുക.
4. ദിനാചരണങ്ങൾ ആസൂത്രണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുക.
5. ഗണിതശേഷി വികസനം
6. സാമൂഹ്യ പ്രശ്നങ്ങളെ തിരിച്ചറിയാനും ഇടപെടാനും പരിഹരിക്കാൻ തന്റേതായ നിലപാടുകൾ വളർത്തിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കും.
7. കായിക പ്രതിഭാ പരിശീലനം
8. ശാസ്ത്രലാബ്, ലൈബ്രറി, മാതൃകാ കേന്ദ്രങ്ങൾ
9. മാസത്തിൽ ഒന്ന് എന്നത് ഉറപ്പാക്കി കൂടുതൽ കാര്യക്ഷമമാക്കും. പൊതുസമൂഹത്തെയും പൂർവ്വ വിദ്യാർത്ഥികളെയും സ്കൂൾ പ്രവർത്തനങ്ങളിൽ കണ്ണി ചേർക്കാൻ ശ്രമിക്കും. അങ്ങനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള മികച്ച വിദ്യാഭ്യാസം ഈ വണ്ടിപ്പെരിയാർ ഗ്രാമത്തിലെ പുതുതലമുറയ്ക്ക് ലഭ്യമാക്കാനുള്ള ശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും പ്രതീക്ഷിക്കുന്നു. ടിങ്കറിംഗ് വിദ്യാഭ്യാസത്തിന്റെ പശ്ചാത്തലത്തിൽ കുട്ടികൾക്ക് വ്യത്യസ്തമായ ആശയങ്ങൾ പരീക്ഷിക്കാനും പഠിക്കാനും വികസിപ്പിക്കാനും സങ്കൽപ്പിക്കാൻ കഴിയുന്നു. കുട്ടികൾക്ക് അവർ നേടിയ അറിവുകൾ ക്ലാസ്സ്മുറിയിൽ ഉപയോഗിക്കാൻ കഴിയുന്നു.

## അദ്ധ്യയനമികവ്

കഴിഞ്ഞ 4 വർഷങ്ങളിലായി സ്കൂൾ അക്കാദമിക രംഗത്ത് വളരെയേറെ മുന്നോട്ട് പോയിരിക്കുന്നു. 2020-21 അദ്ധ്യയനവർഷത്തിൽ 99.46% വിജയവും, 12 ഫുൾ A+ ഉം നേടാനായി കഴിഞ്ഞു. 2021-22 ൽ 99.46% വിജയവും 3 Full A+ ഉം 2022-23 ൽ സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായി 100% വിജയം നേടാൻ കഴിഞ്ഞതും വളരെ അഭിമാനം തന്നെയാണ്.2023-24 ൽ തുടർച്ചയായി രണ്ടാം വർഷവും 100% വിജയം നേടാനും 5 ഫുൾ A+ ഉം കുട്ടികൾ നേടുകയുണ്ടായി. വിദ്യാർത്ഥികൾക്കൊപ്പം അദ്ധ്യാപകരും സംസ്ഥാനതല ശാസ്ത്രോത്സവത്തിൽ മികവുകൾ കരസ്ഥമാക്കിയെന്നത് സ്കൂളിന് അഭിമാനനിമിഷങ്ങൾ തന്നെയാണ്.

..........................

## വിവിധ പദ്ധതികൾ

അടൽ ടിങ്കറിങ് Lab പ്രവർത്തന സജ്ജമായി. ഇത് school ലെ ശാസ്ത്ര സാങ്കേതികവിദ്യയിൽ, റോബോട്ടിക്സ്, AI തുടങ്ങിയ നൂതനമേഖലകളിൽ skill development ന് കുട്ടികളെ സജ്ജമാക്കാൻ സഹായിക്കുന്നു.